മാറിയിരിക്കുകയാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംകൂടി ഒരു മൂത്രപ്പുരയേയുള്ളു. അവിടെ അദ്ധ്യാപർക്ക് ഇരിക്കാൻ സ്റ്റാഫ് റൂമില്ല. അതുപോലെതന്നെ പരീക്ഷാകേന്ദ്രമില്ല, തൊട്ടടുത്തുള്ള ഒരു ഹൈസ്ക്കൂളിലാണ് ഇന്നും പരീക്ഷ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പുതിയതായി ഒരു സ്പോൺസറിങ്ങ് കമ്മിറ്റിയെവച്ച് പണം പിരിച്ച് ഈ വർഷംതന്നെ ആ കോളേജിന് ആവശ്യമായ കെട്ടിടമുണ്ടാക്കി കൊടുക്കുമെന്ന് ആ മണ്ഡലത്തിലെ പ്രതിനിധി യെന്നുള്ള നിലയിൽ ഞാൻ ഉറപ്പുനൽകുകയുണ്ടായി. അതുകൊണ്ട് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ പണം ഉണ്ടാക്കുന്നതിന് ഒരു സ്പോൺസറിങ് കമ്മിറ്റിയെ ഉണ്ടാക്കുകയും സയൻസ് ഗ്രൂപ്പ് അനുവദിക്കുന്നതുമുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥി ക്കുകയുമാണ്. അതുപോലെതന്നെ ആ കോളേജിൽ ഡിഗ്രി കോഴ്സ് തുടങ്ങാനുള്ള നടപടി സ്വീകരിക്കുകയും ചെയ്ത് ആ പ്രദേശത്തെ കുട്ടികളെയും രക്ഷാകർത്താക്കളെയും രക്ഷിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നരിയംപാറ ദേവസ്വംബോർഡ് കോളേജ് ഗവൺമെന്റ് ഏറ്റെടുത്ത താണ്. അതിനാവശ്യമായ ഇരുപതേക്കർ സ്ഥലം അന്ന് സ്പോൺ സറിങ് കമ്മിറ്റി നൽകാമെന്ന് പറഞ്ഞിരുന്നു. പക്ഷേ അവരെ കൊണ്ട് അതിന് കഴിഞ്ഞില്ല. 1978-ൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും, റവന്യൂമന്ത്രിയും നടത്തിയ ഒരു മീറ്റിങ്ങിൽവച്ച്, ഈ ഇരുപതേക്കർ സ്ഥലത്തിനുപകരം 25 ഏക്കർ വനഭൂമി സ്ഥലം നൽകുന്ന ആളിന് വിട്ടുകൊടുക്കാമെന്ന് പറഞ്ഞു. പക്ഷേ പിന്നീട് കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ഒരു നിയമത്തിന്റെ അടിസ്ഥാന ത്തിൽ വനഭൂമി ഇങ്ങനെയുള്ള ആവശ്യത്തിന് വിട്ടുകൊടുക്കാൻ കഴിയാതെവന്നു. അതിനിടയിൽ ശ്രീ. വി. ടി. സെബാസ്റ്റ്യൻ ചെയർ മാനായിട്ടുള്ള ഒരു സ്പോൺസറിങ് കമ്മിറ്റി ഇരുപതേക്കർസ്ഥലം വാങ്ങുകയുണ്ടായി. ആ ഇരുപതേക്കർ സ്ഥലം വിട്ടുകൊടുക്കുമ്പോൾ അവർക്ക് ഇരുപത്തഞ്ചേക്കർ സ്ഥലം കൊടുക്കാമെന്ന് പറഞ്ഞി രുന്നു. ആ വ്യവസ്ഥ ഗവൺമെന്റിന് പൂർത്തിയാക്കാൻ കഴിയാ തെയിരുന്ന സാഹചര്യത്തിൽ അതിനാവശ്യമായ തുക അവർക്ക് നൽക ണമെന്ന് അവർ ആവശ്യപ്പെടുകയുണ്ടായി. പലപ്രാവശ്യം ഇതിനു വേണ്ടി കോൺഫറൻസുകൾ വിളിച്ചിരുന്നു. അവസാനത്തെ കോൺ ഫറൻസിൽ ആറുലക്ഷം രൂപ ഇരുപതേക്കർ സ്ഥലത്തിനുവേണ്ടി നൽകാമെന്ന് ഗവൺമെന്റ് സമ്മതിക്കുകയുണ്ടായി. അതിന് ബഡ്ജറ്റിൽ പണമില്ലായിരുന്നുവെങ്കിലും കഴിഞ്ഞ ജൂലായ് മാസത്തിൽ സപ്ലിമെന്ററി ഗ്രാന്റായിട്ട് പത്തുലക്ഷംരൂപ അനുവദിച്ചു. അതിൽ ആറുലക്ഷംരൂപ സ്പോൺസറിങ് കമ്മിറ്റിക്ക് നഷ്ടപരിഹാര മായി കൊടുക്കാനും നാലുലക്ഷംരൂപക്ക് ഒരു സെമി പെർമനന്റ് കെട്ടിടം കെട്ടുന്നതിനുവേണ്ടി ഉപയോഗിക്കാനും തീരുമാനിച്ചു. അതുകൊണ്ട് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയും. എത്രയുംവേഗം ഇതിനുവേണ്ടിയുള്ള നടപടി കൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(26) കായംകുളം കായൽഫാം നഷ്ടത്തിൽ നടക്കുന്നതുസംബന്ധിച്ച്

ശ്രീ. തച്ചടി പ്രഭാകരൻ: കായംകുളം കായൽ ഫാം, 1968 മുതൽ കാർഷികോൽപ്പാദനത്തിനുവേണ്ടി 800 ഏക്കർ സ്ഥലമെടുത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ വർഷവും പത്തും ഇരുപതും ലക്ഷം രൂപാവീതം നഷ്ടപ്പെടുകയല്ലാതെ 1200 ഓളം തൊഴിലാളികൾ പണിയെടുക്കുന്ന അവിടെ യാതൊരു വിധത്തിലുള്ള പണിയും നടക്കുന്നില്ല. തെങ്ങിൽ നിന്ന് കിട്ടുന്ന നാളികേരം മാത്രമാണ് ആദായം. ഈ 800 ഏക്കർ സ്ഥലം ഗവൺമെന്റ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഉണ്ടാക്കിയിട്ടുള്ളതാണ്. കായംകുളം കായൽഫാമിനെ സംബന്ധിച്ചിടത്തോളം ഒരു സമഗ്രമായ വികസനപദ്ധതി ഉണ്ടാക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, 371 ഏക്കറോളം വിസ്തീർണ്ണമുള്ളതാണ് കായംകുളം കായൽഫാം. അവിടെ 47 സ്ഥിരം തൊഴിലാളികളും 1030 താൽക്കാലിക തൊഴിലാളികളുമുണ്ട്. അവരുടെ വേതനത്തിനുതന്നെ 15 ലക്ഷം രൂപ പ്രതിവർഷം വേണ്ടിവരും. ഉദ്യോഗസ്ഥൻമാരുടെ ശമ്പളമിനത്തിൽ പത്ത് ലക്ഷം രൂപയും വേണം. വളം വാങ്ങുന്നതിനും ഫാമിലെ മറ്റ് ചെലവുകൾക്കുമായി ശരാശരി അഞ്ച് ലക്ഷം രൂപയും വേണം. അങ്ങനെ ഫാമിന്റെ നടത്തിപ്പിനുവേണ്ടി ഓരോ വർഷവും ഏകദേശം 30 ലക്ഷം രൂപ ആവശ്യമുണ്ട്. എന്നാൽ ഈ ഫാമിൽനിന്നും പ്രതിവർഷം കിട്ടുന്ന വരുമാനം അതിന്റെ പകുതിപോലും ഇല്ല. ആ സാഹചര്യത്തിൽ ഫാമിന്റെ പ്രവർത്തനം നഷ്ടമില്ലാതെ എങ്ങനെ കൊണ്ടുപോകാമെന്നുള്ള കാര്യത്തെക്കുറിച്ച് വളരെ ഗൗരവമായി ചിന്തിച്ചുവരികയാണ്. ബന്ധപ്പെട്ട എല്ലാവരേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചചെയ്യുന്നതിന് ഉടനെതന്നെ ഒരു യോഗം ചേരുന്നതാണ്.

(27) പാലക്കാട് ചെക്ക്പോസ്റ്റ് വഴിയുള്ള കള്ളക്കടത്ത്

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകൾ സ്പിരിട്ട് കള്ളക്കടത്ത് കേന്ദ്രമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ 13-ാം തീയതിയുള്ള 'മലയാളമനോരമ' പത്രത്തിൽ ഇതിനെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് വരികയുണ്ടായി. ആ റിപ്പോർട്ടിനെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. അതിൽ നാലോ അഞ്ചോ മുഖ്യമന്ത്രിമാരെ വരെ സ്വാധീനിക്കാൻ കഴിയുന്ന ആളാണ് ഈ കള്ളക്കടത്ത് രാജാവെന്നാണ് പറയുന്നത്. അവിടെ ഇപ്പോഴും നിർബാധം കള്ളക്കടത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ സ്വാധീനത്തിന് ഞാനൊരുദാഹരണം പറയാം. ചിറ്റൂർ ഷുഗർ ഫാക്ടറിയിലെ ഡയറക്ടറാണ് അദ്ദേഹം. കോ-ഓപ്പറേറ്റീവ് നിയമപ്രകാരം ഒരേ ബിസിനസ് ചെയ്യുന്ന ആളുകൾക്ക് ഡയറക്ടറാകാൻ പാടില്ലായെന്നാണ്. മഹാരാഷ്ട്രയിൽ അദ്ദേഹത്തിന് ഒരു ഷുഗർ ഫാക്ടറിയുണ്ട്. ഷുഗർ ഫാക്ടറിയിലെ സ്പിരിട്ടിന്റെ പെർമിറ്റ് വച്ചുകൊണ്ട് ഇഷ്ടംപോലെ കള്ളക്കടത്ത് നടത്താനുള്ള സൗകര്യം ഉണ്ടാക്കുന്നു. അവിടെ ആളുകളെത്തന്നെ തട്ടിക്കൊണ്ടുപോകുന്നു. അങ്ങനെ ക്രിമിനൽ കേസുകൾ ധാരാളമുണ്ട്. പാവപ്പെട്ട ഉമ്മൻചാണ്ടിയെപ്പോലും ഇത്തരമൊരു കേസിൽ അവർ ഉപയോഗിച്ചു. ശ്രീ. ഉമ്മൻചാണ്ടി അത് അറിഞ്ഞോ അറിഞ്ഞില്ലയോയെന്ന് എനിക്കറിയില്ല. ഒരു കേസുപോലും പോലീസ് റജിസ്റ്റർ ചെയ്യുന്നില്ല. പോലീസ്, എക്സൈസ്, സെയിൽസ് ടാക്സ് എന്നീ ഡിപ്പാർട്ടുമെന്റുകളുടെ കൂട്ടായ പ്രവർത്തനംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly